**പിതാശ്രീയുടെ പണ്യ സ്മൃതി ദിവസത്തിൽ കേൾപ്പിക്കുന്നതിനുള്ള ബാപ്ദാദയുടെ മധുര മഹാവാക്യം**

## മധുരമായ കുട്ടികളേ, സത്യന്ധരായി തന്റെ പരിശോധന നടത്തൂ, എത്രത്തോളം ഞാൻ സമ്പൂർണ്ണമായി? സമ്പൂർണ്ണമാകുന്നതിന് വേണ്ടി ദേഹ-അഭിമാനത്തിന്റെ കുറവിനെ ഇല്ലാതാക്കിക്കൊണ്ടിരിക്കൂ

**ചോദ്യം:-** ഭാവിയിലേക്ക് വേണ്ടി കുട്ടികൾ ബാബയുമായി ഏതൊരു വ്യാപാരമാണ് ചെയ്തിട്ടുള്ളത്? ആ വ്യാപാരത്തിലൂടെ സംഗമത്തിൽ ഏതൊരു ലാഭമാണുള്ളത്?

**ഉത്തരം:-** ദേഹ സഹിതം, എന്തെല്ലാം കക്കകളാണോ ഉള്ളത്, അതെല്ലാം ബാബയ്ക്ക് സമർപ്പണം ചെയ്ത് ബാബയോട് പറയുന്നു ബാബാ ഞങ്ങൾ അങ്ങയിൽ നിന്ന് പിന്നീട് അവിടെ എല്ലാം എടുക്കാം, ഇതാണ് ഏറ്റവും നല്ല വ്യാപാരം. ഇതിലൂടെ നിങ്ങളുടേതെല്ലാം ബാബയുടെ ലോക്കറിൽ സുരക്ഷിതമാകുന്നു ഒപ്പം അപാര സന്തോഷവും ഉണ്ടായിരിക്കുന്നു ഇപ്പോൾ ഇവിടെ ഇനി നമ്മൾ കുറച്ച് സമയമാണുള്ളത്, പിന്നീട് നമ്മുടെ രാജധാനിയിലായിരിക്കും. നിങ്ങളോട് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ പറയൂ ആഹാ! ഞങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഞങ്ങൾ സദാ സമ്പന്നനും, സദാ ആരോഗ്യവാനുമാകുന്നു.

**ഓം ശാന്തി**. ആത്മീയ അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിതരികയാണ് മധുരമായ കുട്ടികളേ, എപ്പോൾ ഇവിടെ വന്നിരിക്കുന്നോ അപ്പോൾ ആത്മ-അഭിമാനിയായി ബാബയുടെ ഓർമ്മയിൽ ഇരിക്കൂ. ഈ ശ്രദ്ധ നിങ്ങൾക്ക് സദാകാലത്തേക്ക് വേണ്ടിയുള്ളതാണ്. ഏത് വരെ ജീവിക്കുന്നോ ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കൂ. ഓർമ്മിക്കുന്നില്ലെങ്കിൽ ജന്മ-ജന്മാന്തരത്തെ പാപവും മുറിയില്ല. രചയിതാവിന്റെയും രചനയുടെയും ആദി-മധ്യ--അന്ത്യത്തിന്റെ സ്വദർശ്ശന ചക്രം നിങ്ങളുടെ ബുദ്ധിയിൽ കറങ്ങണം. നിങ്ങൾ ലൈറ്റ് ഹൗസല്ലേ. ഒരു കണ്ണിൽ ശാന്തിധാമം മറു കണ്ണിൽ സുഖധാമം. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും സ്വയം ലൈറ്റ് ഹൗസാണെന്ന് മനസ്സിലാക്കൂ. സ്വയം ലൈറ്റ് ഹൗസാണെന്ന് മനസ്സിലാക്കുന്നതിലൂടെ തന്റെയും മംഗളമാണ് ചെയ്യുന്നത് അതുപോലെ മറ്റുള്ളവരുടെയും മംഗളമാണ് ചെയ്യുന്നത്. ബാബ ഭിന്ന-ഭിന്ന യുക്തികൾ പറഞ്ഞ് തരുന്നു. എപ്പോൾ ആരെയെങ്കിലും വഴിയിൽ കണ്ടുമുട്ടുകയാണെങ്കിൽ അവർക്ക് പറഞ്ഞു കൊടുക്കണം ഇത് ദുഃഖധാമമാണ് - ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കും പോകാൻ ആഗ്രഹിക്കുന്നുണ്ടോ! സൂചന നൽകണം. ലൈറ്റ് ഹൗസും സൂചനയല്ലേ നൽകുന്നത്, വഴികാണിച്ച് കൊടുക്കുന്നു. നിങ്ങൾക്കും സുഖധാമത്തിലേക്കും ശാന്തിധാമത്തിലേക്കുമുള്ള വഴി പറഞ്ഞുകൊടുക്കണം. രാത്രിയും-പകലും ഈ ലഹരി ഉണ്ടായിരിക്കണം. യോഗത്തിന്റെ ശക്തിയിലൂടെ നിങ്ങൾ ആർക്ക് അൽപമെങ്കിലും മനസ്സിലാക്കി കൊടുത്താലും പെട്ടന്ന് തന്നെ അമ്പേൽക്കും. ആർക്ക് അമ്പേൽക്കുന്നോ ബോധരഹിതരാകുന്നു. ആദ്യം ബോധരഹിതരാകുന്നു ശേഷം ബാബയുടേതാകുന്നു. ബാബയെ നിങ്ങൾ കുട്ടികൾ സ്നേഹത്തോടെ ഓർമ്മിക്കുമ്പോൾ ബാബയ്ക്കും ആകർഷണമുണ്ടാകും. പലരും തീർത്തും തന്നെ ഓർമ്മിക്കാതിരിക്കുമ്പോൾ ബാബയ്ക്ക് ദയ വരുന്നു. വീണ്ടും പറയുന്നു മധുരമായ കുട്ടികളേ, ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കൂ. പുരുഷാർത്ഥം ചെയ്ത് മുന്നിലെ നമ്പറിലേക്ക് പോകൂ. പതിത-പാവനൻ സദ്ഗതി ദാതാവ് ഒരേഒരു ബാബയാണ്, ആ ഒരേഒരു ബാബയെ മാത്രം ഓർമ്മിക്കണം. കേവലം ബാബയെ മാത്രമല്ല ബാബയോടൊപ്പമൊപ്പം മധുരമായ വീടിനെയും ഓർമ്മിക്കണം. കേവലം വീടും മാത്രമല്ല, സമ്പത്തും വേണം അതുകൊണ്ട് സ്വർഗ്ഗധാമത്തെയും ഓർമ്മിക്കണം.

ബാബ വന്നിരിക്കുന്നു മധുര-മധുരമായ കുട്ടികളെ സമ്പൂർണ്ണമാക്കുന്നതിന്. അതുകൊണ്ട് സത്യസനധരായി, സത്യതയോടെ തന്റെ പരിശോധന നടത്തണം ഞാൻ എത്രത്തോളം സമ്പൂർണ്ണമായിട്ടുണ്ട്? സമ്പൂർണ്ണമാകുന്നതിനുള്ള യുക്തികളും ബാബ പറഞ്ഞു തന്നുകൊണ്ടിരിക്കുന്നു. മുഖ്യമായ കുറവ് ദേഹ-അഭിമാനത്തിന്റേത് തന്നെയാണ്. ദേഹ-അഭിമാനം തന്നെയാണ് അവസ്ഥയെ മുന്നേറാൻ അനുവദിക്കാത്തത് അതുകൊണ്ട് ദേഹത്തെയും മറക്കണം. ബാബയ്ക്ക് കുട്ടികളിൽ എത്ര സ്നേഹമാണുള്ളത്. ബാബ കുട്ടികളെ കണ്ട് സന്തോഷിക്കുന്നു. അതുകൊണ്ട് കുട്ടികൾക്കും ഇത്രയും സന്തോഷത്തിൽ കഴിയണം. ബാബയെ ഓർമ്മിച്ച് ഉള്ളിൽ ഗദ്ഗതമുണ്ടാകണം. ദിനം-പ്രതിദിനം സന്തോഷത്തിന്റെ രസം ഉയർന്നുകൊണ്ടിരിക്കണം. രസം ഉയരുന്നത് ഓർമ്മയുടെ യാത്രയിലൂടെയാണ്. അത് പതുക്കെ-പതുക്കെ ഉയരും. ജയ പരാജയങ്ങളുണ്ടായി ഉണ്ടായി പിന്നീട് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് കൽപം മുൻപത്തേത് പോലെ അവരവരുടെ പദവി നേടും. ബാപ്ദാദ കുട്ടികളുടെ അവസ്ഥയെ സാക്ഷിയായി കണ്ടുകൊണ്ടിരിക്കുന്നു ഒപ്പം തരിച്ചറിവും നൽകിക്കൊണ്ടിരിക്കുന്നു.

ബാബപ്ദാദയ്ക്ക് രണ്ട് പേർക്കും കുട്ടികളിൽ വളരെ സ്നേഹമുണ്ട് എന്തുകൊണ്ടെന്നാൽ കൽപ-കൽപം ലൗലി സേവനം ചെയ്യുന്നുണ്ട്, വളരെ സ്നേഹത്തോടെ ചെയ്യുന്നു. എന്നാൽ കുട്ടികൾ ശ്രീമതത്തിലൂടെ നടക്കുന്നില്ലെങ്കിൽ ബാബയ്ക്കും എന്ത് ചെയ്യാൻ സാധിക്കും. ബാബയ്ക്ക് വളരെയധികം ദയ വരുന്നുണ്ട്. മായ പരാജയപ്പെടുത്തുന്നു, ബാബ വീണ്ടും എഴുന്നേൽപ്പിക്കുന്നു. അതി മധുരമായുള്ളത് ആ ഒരു ബാബയാണ്. എത്ര മധുരവും എത്ര സ്നേഹിയുമാണ് ശിവ ഭോലാ ഭഗവാൻ! ശിവ ഭോലാ ഭഗവാൻ ഒരാളുടെ മാത്രം പേരാണ്.

മധുരമായ കുട്ടികളേ, ഇപ്പോൾ നിങ്ങൾ വളരെ-വളരെ അമൂല്യ വജ്രമായി മാറുന്നു. അമൂല്യ വജ്രാഭരണങ്ങൾ അവയെ സുരക്ഷക്കായി ബാങ്കിലാണ് വയ്ക്കാറുള്ളത്. നിങ്ങൾ ബ്രാഹ്മണ കുട്ടികളും അമൂല്യമാണ്, നിങ്ങൾ ശിവബാബയുടെ ബാങ്കിൽ സുരക്ഷിതമായിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ബാബയുടെ സുരക്ഷയിൽ കഴിഞ്ഞ് അമരരായി മാറുന്നു. നിങ്ങൾ കാലന് മേൽ വിജയം നേടിക്കൊണ്ടിരിക്കുന്നു. ശിവബാബയുടേതായി എങ്കിൽ സുരക്ഷിതമായി. ബാക്കി ഉയർന്ന പദവി നേടുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യണം. ലോകത്തിൽ മനുഷ്യരുടെ പക്കൽ എത്ര തന്നെ ധനവും സമ്പത്തും ഉണ്ടായാലും അതെല്ലാം ഇല്ലാതാകണം. ഒന്നും തന്നെ ഉണ്ടായിരിക്കില്ല. നിങ്ങൾ കുട്ടികളുടെ പക്കൽ ഇപ്പോൾ ഒന്നും തന്നെയില്ല. ഈ ദേഹം പോലുമില്ല. ഇതും ബാബയ്ക്ക് നൽകൂ. അപ്പോൾ ആരുടെ പക്കലാണോ ഒന്നും തന്നെയില്ലാത്തത് അവരുടെ പക്കൽ എല്ലാം തന്നെ ഉള്ളത് പോലെയാണ്. നിങ്ങൾ പരിധിയില്ലാത്ത ബാബയുമായി വ്യാപാരം തന്നെ നടത്തിയിരിക്കുന്നു ഭാവി പുതിയ ലോകത്തിലേക്ക് വേണ്ടി. പറയുന്നു ബാബാ ദേഹ സഹിതം ഈ എന്തെല്ലാം കക്കളാണോ ഉള്ളത്, എല്ലാം തന്നെ അങ്ങേയ്ക്ക് നൽകുന്നു പിന്നീട് അങ്ങയിൽ നിന്ന് അവിടെ എല്ലാം തന്നെ എടുക്കാം. നിങ്ങൾ സുക്ഷിതമായത് പോലെയാണ്. എല്ലാം ബാബയുടെ ലോക്കറിൽ സുരക്ഷിതമായിരിക്കുന്നു. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം, ബാക്കി കുറച്ച് സമയമാണുള്ളത് പിന്നീട് നമ്മൾ നമ്മുടെ രാജധാനിയിലായിരിക്കും. നിങ്ങളോട് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ പറയൂ ആഹാ! ഞങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. സദാ ആരോഗ്യവാനും, സമ്പന്നനുമാകുന്നു. ഞങ്ങളുടെ എല്ലാ മനോകാമനളും പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഈ ബാബ എത്ര സ്നേഹിയും പവിത്രവുമാണ്. ആ ബാബ ആത്മാക്കളെയും തനിക്ക് സമാനം പവിത്രമാക്കുന്നു. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നോ അത്രത്തോളം അളവറ്റ സ്നേഹിയായി മാറും. അതിലൂടെ അവരുടെ ജഡചിത്രങ്ങൾ ഇപ്പോൾ വരേയ്ക്കും പൂജിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഇത്രയും സ്നേഹിയാകണം. ഒരു ദേഹധാരിയും, ഒരു വസ്തുവും അന്തിമത്തിൽ ഓർമ്മ വരരുത്. ബാബാ അങ്ങയിൽ നിന്ന് ഞങ്ങൾക്ക് എല്ലാം ലഭിച്ചു.

മധുരമായ കുട്ടികൾക്ക് തന്നോട് പ്രതിജ്ഞ ചെയ്യണം എന്നിൽ നിന്ന് ഇങ്ങനെയുള്ള ഒരു വികർമ്മവും ഉണ്ടാകരുത് അതിലൂടെ മനസ്സ് ഉള്ളിൽ വേദനിച്ചുകൊണ്ടിരിക്കരുത് അതുകൊണ്ട് എത്ര സാധികക്കുമോ സ്വയത്തെ നല്ലതാക്കണം, ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. സംഖ്യാക്രമമാണ്. രത്നങ്ങളിലും സംഖ്യാക്രമമുണ്ടാകാറില്ലേ. ചിലതിൽ വളരെ കുറവുകളുണ്ടായിരിക്കും, ചിലത് വളരെ ശുദ്ധമായിരിക്കും. ബാബയും രത്നവ്യാപാരിയല്ലേ. ബാബയ്ക്കും ഓരോരോ രത്നങ്ങളെയും നോക്കേണ്ടതായുണ്ട്. ഇത് ഏത് രത്നമാണ്, ഇതിൽ എന്ത് കുറവാണുള്ളത്. നല്ല-നല്ല ശുദ്ധമായ രത്നങ്ങളെ ബാബയും വളരെ സ്നേഹത്തോടെ നോക്കും. നല്ല-നല്ല പവിത്രമായ രത്നങ്ങളെ സ്വർണ്ണത്തിന്റെ ഡപ്പിയിലാണ് വയ്ക്കുന്നത്. കുട്ടികളും സ്വയം മനസ്സിലാക്കുന്നുണ്ട് ഞാൻ ഏത് പ്രകാരത്തിലുള്ള രത്നമാണ്. എന്നിൽ എന്ത് കുറവാണുള്ളത്.

ഇപ്പോൾ നിങ്ങൾ പറയും ആഹാ സത്ഗുരു ആഹാ! അങ്ങല്ലേ ഞങ്ങൾക്ക് ഈ വഴി പറഞ്ഞ് തന്നത്. ആഹാ ഭാഗ്യം ആഹാ! ആഹാ ഡ്രാമ ആഹാ! നിങ്ങളുടെ ഹൃദയത്തിൽ നിന്ന് വരുന്നു- നന്ദി ബാബാ, ഞങ്ങളുടെ രണ്ട് പിടി അവൽ സ്വീകരിച്ച് ഞങ്ങൾക്ക് സുരക്ഷയോടെ ഭാവിയിൽ നൂറിരട്ടിയായി തിരിച്ച് നൽകുന്നു. എന്നാൽ ഇതിലും കുട്ടികളുടെ വലിയ വിശാല ബുദ്ധി ആവശ്യമാണ്. കുട്ടികൾക്ക് അളവറ്റ ജ്ഞാന ധനത്തിന്റെ ഖജനാവ് ലഭിച്ചുകൊണ്ടിരിക്കുന്നു അതിനാൽ അപാരമായ സന്തോഷം ഉണ്ടായിരിക്കേണ്ടേ. എത്രത്തോളം ഹൃദയം ശുദ്ധമാകുന്നോ മറ്റുള്ളവരെയും ശുദ്ധമാക്കും. യോഗത്തിന്റെ സ്ഥിതിയിലൂടെ തന്നെയാണ് ഹൃദയം ശുദ്ധമാകുന്നത്. നിങ്ങൾ കുട്ടികൾക്ക് യോഗിയാകുന്നതിന്റെയും ആക്കുന്നതിന്റെയും താത്പര്യമുണ്ടായിരിക്കണം. അഥവാ ദേഹത്തിൽ മോഹമുണ്ട്, ദേഹ-അഭിമാനമുണ്ടെങ്കിൽ മനസ്സിലാക്കൂ അവസ്ഥ പാകമല്ല. ദേഹീ-അഭിമാനി കുട്ടികൾ തന്നെയാണ് സത്യമായ വജ്രമാകുന്നത് അതിനാൽ എത്ര സാധിക്കുമോ ദേഹീ-അഭിമാനിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ബാബയെ ഓർമ്മിക്കൂ. ബാബാ ശബ്ദം മറ്റെല്ലാത്തിലും വച്ച് വളരെ മധുരമാണ്. ബാബ വളരെ സ്നേഹത്തോടെ കുട്ടികളെ കണ്ണുകളിലിരുത്തി കൂടെ കൊണ്ടുപോകും. ഇങ്ങനെയുള്ള ബാബയുടെ ഓർമ്മയിൽ എരിഞ്ഞടങ്ങണം. ബാബയെ ഓർമ്മിച്ചോർമ്മിച്ച് സന്തോഷത്തിൽ തണുത്തുറഞ്ഞ്

പോകണം. ഏതുപോലെയാണോ ബാബ അപകാരികളിലും ഉപകാരം ചെയ്യുന്നത് – നിങ്ങളും ഫോളോ ഫാദർ ചെയ്യൂ. സുഖദായിയാകൂ.

നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഡ്രാമയുടെ രഹസ്യത്തെയും അറിയാം– ബാബ നിങ്ങളെ നിരാകാരീ, ആകാരീ സാകാരീ ലോകത്തിന്റെ എല്ലാ വാർത്തകളും കേൾപ്പിക്കുന്നു. ആത്മാവ് പറയുന്നു ഇപ്പോൾ നമ്മൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്, പുതിയ ലോകത്തിലേക്ക് പോകുന്നതിന് വേണ്ടി. നമ്മൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് യോഗ്യരായി തീർച്ചയായും മാറും. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യും. ശരി – ബാബ മധുരമായ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, ബാബ ദുഃഖ ഹർത്താ സുഖകർത്താവാണ് അതുകൊണ്ട് കുട്ടികൾക്കും എല്ലാവർക്കും സുഖം നൽകണം. ബാബയുടെ വലം കയ്യാകണം. ഇങ്ങനെയുള്ള കുട്ടികൾ തന്നെയാണ് ബാബയ്ക്ക് പ്രിയപ്പെട്ടവരാകുന്നത്. ശുഭ കാര്യങ്ങളിൽ വലം കൈ തന്നെയാണ് ഉപയോഗിക്കുന്നത്. ബാബയും പറയുന്നു ഓരോ കാര്യങ്ങളിലും സത്യമുള്ളവരായി മാറൂ, ഒരു ബാബയെ ഓർമ്മിക്കൂ പിന്നീട് അന്തിമ സ്മൃതി പോലെ ഗതിയുണ്ടാകും. ഈ പഴയ ലോകത്തിൽ നിന്ന് മമത്വം ഇല്ലാതാക്കൂ. ഇത് ശ്മശാനമാണ്. ജോലിയുടെയും കുട്ടികളുടെയുമെല്ലാം ഓർമ്മയിൽ മരണം വരിക്കുകയാണെങ്കിൽ വെറുതെ തന്റെ നഷ്ടം വരുത്തും. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ വളരെ നേട്ടമുണ്ടാക്കുന്നവരാകും. ദേഹ–അഭിമാനത്തിൽ വരുന്നതിലൂടെ നഷ്ടമുണ്ടാകുന്നു. ദേഹീ–അഭിമാനിയാകുന്നതിലൂടെ നേട്ടമുണ്ടാകുന്നു. ധനത്തിന്റെയും വളരെ അത്യാഗ്രഹം വയ്ക്കരുത്. ആ ചിന്തയിൽ ശിവബാബയെയും മറക്കുന്നു. ബാബ നോക്കുന്നുണ്ട് എല്ലാം ബാബയ്ക്ക് സമർപ്പിച്ച് പിന്നീട് എന്റെ ശ്രീമത പ്രകാരം എത്രത്തോളം നടക്കുന്നുണ്ട്. ആരംഭത്തിൽ ബാബയും ട്രസ്റ്റിയായി കാണിച്ചില്ലേ. എല്ലാം ഈശ്വരാർപ്പണം ചെയ്ത് സ്വയം ട്രസ്റ്റിയായി. കേവലം ഈശ്വരന്റെ കാര്യത്തിൽ തന്നെ ഉപയോഗിക്കണം. വിഘ്നങ്ങളിൽ ഒരിക്കലും ഭയപ്പെടരുത്. എത്രത്തോളം സാധിക്കുമോ സേവനത്തിൽ തന്റേതെല്ലാം സഫലമാക്കണം. ഈശ്വരാർപ്പണം ചെയ്ത് ട്രസ്റ്റിയായി കഴിയണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ ലഭിച്ച മധുര–മധുരമായ കുട്ടികൾക്ക് മാതാവും–പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**അവ്യക്ത–മഹാവാക്യം–1977**

എല്ലാവർക്കും ശബ്ദത്തിന് ഉപരി തന്റെ ശാന്ത സ്വരൂപ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിന്റെ അനുഭവം വളരെ സമയം ചെയ്യാൻ സാധിക്കില്ലേ? ശബ്ദത്തിലേക്ക് വരുന്നതിന്റെ അനുഭവമാണോ കൂടുതൽ ചെയ്യാൻ സാധിക്കുന്നത് അതോ ശബ്ദത്തിന് ഉപരി കഴിയുന്നതിന്റെ അനുഭവമാണോ കൂടുതൽ സമയം ചെയ്യാൻ സാധിക്കുന്നത്? എത്രത്തോളം അന്തിമ സ്റ്റേജ് അഥവാ കർമ്മതീത സ്ഥിതിയുടെ സമീപം വന്നുകൊണ്ടിരിക്കുന്നോ അത്രത്തോളം ശബ്ദത്തിന് ഉപരി ശാന്ത സ്വരൂപ സ്ഥിതി കൂടുതൽ പ്രിയപ്പെട്ടതാകും, ഈ സ്ഥിതിയിൽ സദാ അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതി ഉണ്ടാകും. ഈ അതീന്ദ്രിയ സുഖമയ സ്ഥിതിയുടെ അനുഭൂതിയിലൂടെ അനേകം ആത്മാക്കളെ സഹജമായി തന്നെ ആഹ്വാനം ചെയ്യാൻ സാധിക്കും. ഈ ശക്തിശാലി സ്ഥിതിയെ വിശ്വ മംഗളകാരി സ്ഥിതിയെന്ന് പറയുന്നു. ഏതുപോലെയാണോ ഇന്നത്തെ കാലത്ത് സയൻസിന്റെ സാധനങ്ങളിലൂടെ എല്ലാ വസ്തുക്കളും സമീപത്ത് അനുഭമാകുന്നത്, ദൂരെയുള്ള ശബ്ദം ടെലിഫോണിന്റെ പ്രവർത്തിലൂടെ സമീപത്ത് കേൾക്കാൻ സാധിക്കുന്നു. ടി. വി യിലൂടെ (ദൂര–ദർശൻ) ദൂരെയുള്ളതിന്റെ ദൃശ്യം സമീപത്ത് കാണുന്നു. ഇതുപോലെ തന്നെ സൈലൻസിന്റെ സ്റ്റേജിലൂടെ എത്ര ദൂരെ കഴിഞ്ഞുകൊണ്ടും ആത്മാവിന് സന്ദേശം എത്തിക്കാൻ സാധിക്കും! അവർ ഇങ്ങനെ അനുഭവം ചെയ്യും ഏതുപോലെയാണോ സാകാരത്തിൽ സന്മുഖത്ത് ആരോ സന്ദേശം നൽകിയിരിക്കുന്നു. ദൂരെ ഇരുന്നുകൊണ്ടും താങ്കൾ ശ്രേഷ്ഠ ആത്മാക്കളുടെ ദർശനവും പ്രഭുവിന്റെ ഗുണങ്ങളുടെ ദൃശ്യവും ഇങ്ങനെ അനുഭവം ചെയ്യും ഏതുപോലെയാണോ സന്മുഖത്ത് കണ്ടുകൊണ്ടിരിക്കുന്നത്. സങ്കൽപങ്ങളിലൂടെ കാണപ്പെടും അർത്ഥം ശബ്ദത്തിന് ഉപരി സങ്കൽപത്തിന്റെ സിദ്ധിയുടെ പാർട്ടഭിനയിക്കും. എന്നാൽ ഈ സിദ്ധിയുടെ വിധിയാണ് – ഏറ്റവുമധികം തന്റെ ശാന്ത സ്വരൂപ സ്ഥിതിതിയിൽ സ്ഥിതി ചെയ്യുക അതുകൊണ്ടാണ് പറയുന്നത് സൈലൻസ് ഈസ് ഗോൾഡൻ, ഇതിനെ തന്നെയാണ് ഗോൾഡൻ ഏജ്ഡ് സ്റ്റേജ് എന്ന് പറയുന്നത്. ഈ സ്റ്റേജിൽ സ്ഥതി ചെയ്യുന്നതിലൂടെ കുറഞ്ഞ ചിലവിൽ കൂടുതൽ കാര്യമുണ്ടാകും. സമയമാകുന്ന ഖജനാവും, എനർജിയാകുന്ന ഖജനാവും സ്ഥൂല ഖജനാവും എല്ലാത്തിലും കുറഞ്ഞ ചിലവിൽ കൂടുതൽ കാര്യമുണ്ടാകും. ഇതിന് വേണ്ടി ഒരു ശബ്ദം ഓർമ്മ വയ്ക്കൂ, അതേതാണ്? ബാലൻസ്. ഓരോ കർമ്മത്തിലും, ഓരോ സങ്കൽപത്തിലും, ഓരോ വാക്കിലും, സംബന്ധ സമ്പർക്കത്തിലും ബാലൻസ് ഉണ്ടായിരിക്കണം. അപ്പോൾ വാക്ക്, കർമ്മം, സങ്കൽപം, സംബന്ധം അഥവാ സമ്പർക്കത്തിൽ സാധാരണതയ്ക്ക് പകരം അലൗകീകത കാണപ്പെടും അർത്ഥം

ഇന്ദ്രജാലം കാണപ്പെടും. ഓരോരുത്തരുടെയും മുഖത്ത് നിന്ന്, മനസ്സിൽ നിന്ന് ഈ ശബ്ദം വരും ഇവർ അദ്ഭുതമാണ്. സമയ പ്രമാണം സ്വയത്തിന്റെ പുരുഷാർത്ഥത്തിന്റെ വേഗതയും വിശ്വ സേവനത്തിന്റെ വേഗതയും തീവ്രഗതിയിലായിരിക്കണം അപ്പോൾ വിശ്വ-മംഗളകാരിയാകാൻ സാധിക്കും.
വിശ്വത്തിലെ വളരെയധികം ആത്മാക്കൾ ബാബയുടെയും താങ്കൾ ഇഷ്ട ദേവതകളുടെയും പ്രത്യക്ഷതയുടെ ആഹ്വാനം കൂടുതൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്നാൽ ഇഷ്ട ദേവൻ അവരുടെ ആഹ്വാനം കുറച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ കാരണം എന്താണ്? തന്റെ പരിധിയുള്ള സ്വഭാവം, സംസ്ക്കാരങ്ങളുടെ പ്രവൃത്തിയിൽ വളരെ സമയം നൽകുന്നു. ഏതുപോലെയാണോ അജ്ഞാനി ആത്മാക്കൾക്ക് ജ്ഞാനം കേൾക്കുന്നതിനുള്ള സമയമില്ലാത്തത്, അതുപോലെ വളരെയധികം ബ്രാഹ്മണർക്ക് ഈ ശക്തിശാലി സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിനുള്ള സമയം ലഭിക്കുന്നില്ല, അതുകൊണ്ട് ഇപ്പോൾ ജ്വാലാ രൂപമാകേണ്ടതിന്റെ ആവശ്യകതയാണുള്ളത്.
ബാപ്ദാദ ഓരോരുത്തരുടെയും പ്രവൃത്തി കണ്ട് പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നു എങ്ങനെയാണ് വളരെയധകം ബിസിയായിരിക്കുന്നത്. വളരെ ബിസിയായല്ലേ കഴിയുന്നത്! വാസ്തവിക സ്റ്റേജിൽ സദാ ഫ്രീയായിരിക്കും. സിദ്ധിയുമുണ്ടാകും ഫ്രീയായുമിരിക്കും.
ഏതുപോലെയാണോ സയൻസിന്റെ സാധനത്തിന് ഭൂമിയിൽ ഇരുന്നുകൊണ്ടും ബഹിരാകാശത്തേക്ക് പോയ യന്ത്രത്തെ നിയന്ത്രിക്കാൻ സാധിക്കുന്നത്, എതുപോലെ ആഗ്രഹിക്കുന്നോ, എവിടെ ആഗ്രഹിക്കുന്നോ അവിടേക്ക് തിരിക്കാൻ സാധിക്കുന്നത്, എങ്കിൽ സൈലൻസിന്റെ ശക്തി സ്വരൂപത്തിന്, ഈ സാകാര സൃഷ്ടിയിൽ ശ്രേഷ്ഠ സങ്കൽപത്തിന്റെ ആധാരത്തിലൂടെ എന്ത് സേവനമാഗ്രഹിക്കുന്നോ, ഏത് ആത്മാവിന്റെ സേവനം ചെയ്യാൻ ആഗ്രഹിക്കുന്നോ അത് ചെയ്യാൻ സാധിക്കില്ലേ! എന്നാൽ ആദ്യം അവരവരുടെ പ്രവൃത്തിയിൽ നിന്ന് ഉപരി അർത്ഥം ഉപരാമമായി കഴിയൂ.
ഏതെല്ലാം ഖജനാവുകളാണോ കേൾപ്പിച്ചത് അവ സ്വയത്തെ പ്രതിയല്ല, വിശ്വ മംഗളത്തിനായി ഉപയോഗിക്കൂ. മനസ്സിലായോ, ഇപ്പോൾ എന്ത് ചെയ്യണം എന്ന്? ശബ്ദത്തിലൂടെയുള്ള സേവനം, സ്ഥൂല സാധനങ്ങളിലൂടെയുള്ള സേവനം അതുപോലെ ശബ്ദത്തിന് ഉപരി സൂക്ഷ്മ സാധനമായ സങ്കൽപത്തിന്റെ ശ്രേഷ്ഠത, സങ്കൽപ ശക്തിയിലൂടെയുള്ള സേവനത്തിന്റെയും ബാലൻസ് പ്രത്യക്ഷ രൂപത്തിൽ കാണിക്കൂ അപ്പോൾ വിനാശത്തിന്റെ പെരുമ്പറ മുഴുങ്ങും. മനസ്സിലായോ. പദ്ധതികൾ ഒരുപാട് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ബാലൻസ് ശരിയല്ലാത്തതു കാരണം പരിശ്രമം കൂടുതൽ ചെയ്യേണ്ടി വരുന്നു. വിശേഷ കാര്യത്തിന് ശേഷം വിശേഷ റെസ്റ്റും എടുക്കുന്നില്ലേ. ഫൈനൽ പ്ലാനിൽ അക്ഷീണത്വം അനുഭവം ചെയ്യും. ശരി. ഇങ്ങനെ സർവ്വ ശക്തികളെയും വിശ്വ-മംഗളത്തെ പ്രതി കാര്യത്തിൽ ഉപയോഗിക്കുന്ന, സങ്കൽപത്തിന്റെ സിദ്ധി സ്വരൂപമായ, സ്വയത്തിന്റെ പ്രവൃത്തിയിൽ നിന്ന് സ്വതന്ത്രമായ, സദാ ശാന്തവും ശക്തി സ്വരൂപവുമായ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന സർവ്വ ശ്രേഷ്ഠ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്ക്കാരവും.

## വരദാനം:- സൈലൻസിന്റെ ശക്തിയിലൂടെ പുതിയ സൃഷ്ടിയുടെ സ്ഥാപനയ്ക്ക് നിമിത്തമാകുന്ന മാസ്റ്റർ ശാന്തി ദേവനായി ഭവിക്കൂ

ശാന്തിയുടെ ശക്തി ശേഖരിക്കുന്നതിനായി ഈ ശരീരത്തിൽ നിന്ന് ഉപരി അശരീരിയായി മാറൂ. ഈ ശാന്തിയുടെ ശക്തി വളരെ മഹാൻ ശക്തിയാണ്, ഇതിലൂടെ പുതിയ സൃഷ്ടിയുടെ സ്ഥാപനയുണ്ടാകുന്നു. അതുകൊണ്ട് ആരാണോ ശബ്ദത്തിന് ഉപരി ശാന്ത സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നത് അവർക്കാണ് സ്ഥാപനയുടെ കാര്യം ചെയ്യാൻ സാധിക്കുക അതുകൊണ്ട് ശാന്തി ദേവൻ അർത്ഥം ശാന്ത സ്വരൂപമായി അശാന്തരായ ആത്മാക്കൾക്ക് ശാന്തിയുടെ കിരണങ്ങൾ നൽകൂ. വിശേഷിച്ചും ശാന്തിയുടെ ശക്തിയെ വർദ്ധിപ്പിക്കൂ. ഇതാണ് ഏറ്റവും വലുതിലും-വലുതായ മഹാദാനം, ഇതാണ് ഏറ്റവും പ്രിയങ്കരവും, ശക്തിശാലിയുമായ വസ്തു.

## സ്ലോഗൻ:- ഓരോ ആത്മാവ് അല്ലെങ്കിൽ പ്രകൃതിയെ പ്രതി ശുഭഭാവന വയ്ക്കുന്നത് തന്നെയാണ് വിശ്വ മംഗളകാരിയാകുക.